**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5722** **08-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല.<br><br>**സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി- ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4,641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.**<br><br>**പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി /എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ